➯ *മലപ്പുറം ജില്ലയിൽ മാത്രം 25,000 കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടും* ➯

# ദേശീയപാത വികസനത്തിന്റെ പിന്നിലെ അഴിമതി തുറന്നുകാണിച്ചു

**ടി.പി. അബുലൈസ്**
**(പൊന്നാനി, 11034 വോട്ട്)**

**ദേശീയപാത വികസനത്തിന്റെ പേരിൽ നടക്കുന്ന കുടിയൊഴിപ്പിക്കലിനും ബി.ഒ.ടി റോഡിനും എതിരായുള്ള സ്ഥാനാർത്ഥിയായാണോ താങ്കൾ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചത്? മറ്റ് പാർട്ടികളുടെ പിന്തുണ ഇക്കാര്യത്തിലുണ്ടായിരുന്നോ?**

ദേശീയപാത ആക്ഷൻ കൗൺസിലിന്റെ സ്ഥാനാർത്ഥിയായാണ് ഞാൻ തെരഞ്ഞെടുപ്പിൽ നിന്നത്. ആക്ഷൻ കൗൺസിൽ എല്ലാ രാഷ്ട്രീയപാർട്ടികളും അംഗങ്ങളായുള്ള സമിതിയാണ്. എൽ.ഡി.എഫിലെയും യു.ഡി.എഫിലെയും പാർട്ടികളുടെ പ്രവർത്തകർ അതിലുണ്ട്. അതിനാൽത്തന്നെ ആക്ഷൻ കൗൺസിലിന്റെ പേരിൽ സ്ഥാനാർത്ഥിയാകാൻ പ്രയാസമുണ്ടായിരുന്നു. ആക്ഷൻ കൗൺസിലിനുള്ളിൽ ഒരു ആശയക്കുഴപ്പം സൃഷ്ടിക്കേണ്ടതില്ല എന്നതിനാൽ ജനകീയ സ്വതന്ത്രൻ എന്ന പേരിലാണ് ഞാൻ മത്സരിച്ചത്. ആക്ഷൻകൗൺസിൽ പിന്തുണ നൽകി. ഒപ്പം വെൽഫെയർ പാർട്ടി, ആർ.എം.പി, എസ്.യു.സി.ഐ, മദ്യനിരോധന സമിതി തുടങ്ങിയ പ്രസ്ഥാനങ്ങളും പിന്തുണ നൽകിയിരുന്നു. തീർച്ചയായും ദേശീയപാത വികസനത്തിന്റെ കാര്യത്തിൽ യു.ഡി.എഫും എൽ.ഡി.എഫും സ്വീകരിച്ചിരിക്കുന്ന നിലപാടിനെ എതിർത്തുകൊണ്ടുതന്നെയാണ് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ തീരുമാനിച്ചത്.

ദേശീയപാത വികസനത്തിന്റെ ഭാഗമായ കുടിയൊഴിപ്പിക്കലിനെതിരെ ശക്തമായ സമരം നടന്നുകൊണ്ടിരിക്കുന്ന സ്ഥലമാണ് മലപ്പുറം ജില്ല. പൊന്നാലി മണ്ഡലത്തിൽ എമ്പാടും ഈ വിഷയം സജീവമായി ചർച്ചചെയ്യപ്പെടുന്നുണ്ട്. 2010 മുതൽ കുറ്റിപ്പുറം, തലപ്പാറ, പാലച്ചിറമാട്, വെളിയംകോട് തുടങ്ങിയ പല സ്ഥലങ്ങളിലും വലിയ ജനാവലി കുടിയൊഴിപ്പിക്കലിനും ബി.ഒ.ടി റോഡിനും എതിരെ രംഗത്ത് വന്നിട്ടുണ്ട്. പല സ്ഥലത്തും പോലീസ് ആക്ഷനുണ്ടായിട്ടുണ്ട്. എന്നിട്ടും മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളൊന്നും ഇക്കാര്യത്തിൽ വ്യക്തമായ നിലപാട് പ്രഖ്യാപിക്കാത്ത സാഹചര്യത്തിലാണ് ആക്ഷൻ കൗൺസിൽ സ്ഥാനാർത്ഥിയെ നിർത്താൻ തീരുമാനിക്കുന്നത്.

**ദേശീയതലത്തിൽ തന്നെ ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണല്ലോ ബി.ഒ.ടി പദ്ധതിയും ദേശീയപാത വികസനവും. തെരഞ്ഞെടുപ്പ് പ്രചരണം അത്തരത്തിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞോ? അതോ മലപ്പുറം ജില്ലയിലെ, പൊന്നാനി മണ്ഡലത്തിലെ പ്രശ്നം മാത്രമായാണോ ഉന്നയിച്ചത്?**

തീർച്ചയായും ദേശീയതലത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണിത്. ബി.ഒ.ടി മാഫിയ എല്ലാ വ്യവസ്ഥാപിത രാഷ്ട്രീയ കക്ഷികളെയും അവരുടെ സ്വാധീനവലയത്തിലാക്കിയിട്ടുണ്ട്. തൃശൂർ ജില്ലയിലെ പാലിയേക്കരയിൽ ബി.ഒ.ടി ടോൾ പിരിവിനെതിരെ നടക്കുന്ന സമരത്തോടുള്ള ഭരണ-പ്രതിപക്ഷങ്ങളുടെ നിലപാടിൽ നിന്നും അക്കാര്യം നമുക്ക് വ്യക്തമായതാണ്. ടോൾ പിരിവിന്റെ പേരിൽ നടക്കുന്ന അഴിമതിയുടെ ആഴവും അവിടെ നമുക്ക് വ്യക്തമായി. മലപ്പുറം ജില്ലയിലെ ഒരു പ്രശ്നം മാത്രമായല്ല ഞങ്ങൾ ഇത് ഉയർത്തിക്കാണിക്കുന്നത്. എന്നാലും മലപ്പുറം ജില്ലയെ വളരെയധികം ബാധിക്കുന്ന ഒരു വിഷയമാണ് ദേശീയപാത വികസനത്തിന്റെ പേരിൽ നടക്കുന്ന കുടിയൊഴിപ്പിക്കൽ. വടക്ക് ഇടിമൂഴിക്കൽ മുതൽ തെക്ക് കാപ്പിരിക്കാട് വരെ 87 കിലോമീറ്റർ നീളത്തിൽ ഈ പ്രശ്നം ജില്ലയിൽ ജനങ്ങളെ ബാധിക്കുന്നുണ്ട്. 25,000 കുടുംബങ്ങൾ ഇവിടെ കുടിയൊഴിപ്പിക്കപ്പെടും. 5,500 വാണിജ്യ സ്ഥാപനങ്ങൾ പൊളിച്ചുകളയേണ്ടിവരും. ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടമാകും. മാന്യമായ പുനരധിവാസ സൗകര്യങ്ങളോ നഷ്ടപരിഹാരമോ ജനങ്ങൾക്ക് വാഗ്ദാനം ചെയ്തിട്ടുമില്ല. വെളിയങ്കോട്, സ്വാഗതമാട്, രാമനാട്ടുകര തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ടോൾ ബൂത്തുകൾ വരും. പാലിയേക്കരയിലേത് പോലെ 30 വർഷം ടോൾ പിരിക്കും. ഇതിനെതിരെയെല്ലാം ശക്തമായ വികാരം മലപ്പുറം ജില്ലയിലെമ്പാടും നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് ഇക്കാര്യം തെരഞ്ഞെടുപ്പിൽ ചർച്ചയാക്കാൻ ഉദ്ദേശിച്ചത്. പൊന്നാനിയിലെ സിറ്റിംഗ് എം.പിയായ ഇ.ടി. മുഹമ്മദ് ബഷീർ ഇരകളോട് ഒട്ടും അനുകൂല നില



അബുലൈസ് വോട്ടഭ്യർത്ഥിക്കുന്നു

ദേശീയപാത വിഷയവും സമരങ്ങളും ജനങ്ങൾക്കെല്ലാം പരിചതമായിരുന്നതുകൊണ്ട് പ്രചരണം എളുപ്പമായിരുന്നു. വോട്ട് എത്രകിട്ടി എന്നതിനേക്കാൾ ജനങ്ങൾ നൽകിയ ആ സ്വീകാര്യതയും സ്നേഹവുമാണ് ഞങ്ങൾ കൂടുതൽ വിലമതിക്കുന്നത്

പാടെടുത്തയാളല്ല. 2013 നവംബർ 12ന് വെളിയങ്കോട് ദേശീയപാത അധികൃതർ സർവ്വെയ്ക്ക് വന്നപ്പോൾ തടഞ്ഞ സ്ത്രീകളെ പോലീസ് അറസ്റ്റ് ചെയ്ത സംഭവമുണ്ടായി. പരമ്പരാഗതമായി മുസ്ലീം ലീഗിന് വോട്ടുചെയ്യുന്നവരാണവർ. വികസനം വേണമെങ്കിൽ കുറച്ച് ദുരിതങ്ങളൊക്കെ സഹിക്കേണ്ടിവരുമെന്ന് പറഞ്ഞ് ആ സ്ത്രീകളുടെ പരാതിയെ അവഗണിക്കുകയാണ് ഇ.ടി. മുഹമ്മദ് ബഷീർ എം.പി ചെയ്തത്. സിറ്റിംഗ് എം.പിയുടെയും അദ്ദേഹത്തിന്റെ പാർട്ടിയുടെയും ഈ നയം തുറന്നുകാട്ടണമെന്നും സ്ഥാനാർത്ഥിത്വത്തിലൂടെ ഞങ്ങൾ ഉദ്ദേശിച്ചിരുന്നു.

**വികസനം വലിയ രീതിയിൽ ചർച്ചചെയ്യപ്പെടുന്ന രാഷ്ട്രീയ സാഹചര്യമാണ് തെരഞ്ഞെടുപ്പ് കാലത്ത് നിലനിൽക്കുന്നത്. 45 മീറ്റർ റോഡിനെതിരെയെടുക്കുന്ന നിലപാട് അത്തരം വികസന സങ്കൽപ്പത്തെ ചോദ്യം ചെയ്യുന്ന ഒരു നിലപാടല്ലേ?**

തീർച്ചയായും. 45 മീറ്ററിൽ റോഡ് വികസിപ്പിക്കണം എന്ന് പറയുന്നത് വികസനമല്ല. വസ്തുതകൾ മറച്ചുവച്ചുകൊണ്ടും തദ്ദേശീയമായ സാഹചര്യങ്ങളെ പരിഗണിക്കാതെയുമുള്ള പൊള്ളമായ വാദമാണത്. 30 മീറ്ററിൽ ദേശീയപാത വികസിപ്പിച്ചാലും ഇവർ ഉദ്ദേശിക്കുന്ന ആറ് വരി പാത സുഖമായി നിർമ്മിക്കാം. ഒരു വരി റോഡിന് പറയുന്ന അന്താരാഷ്ട്ര നിലവാരം മൂന്നര മീറ്ററാണ്. അങ്ങനെ നോക്കുകയാണെങ്കിൽ ആറുവരി പാതയ്ക്ക് 21 മീറ്റർ സ്ഥലം മാത്രം മതിയാകും. അതുമറച്ചുവച്ചാണ് 45 മീറ്റർ വീതി കൂടിയേതീരൂ എന്ന് ദേശീയപാത അധികൃതർ വാശിപിടിക്കുന്നത്. റോഡിന് നടുവിൽ പൂന്തോട്ടമുൾപ്പെടെയുള്ള അലങ്കാരങ്ങൾ പണിത് കാശുപിരിക്കുന്നതിനുള്ള ബി.ഒ.ടി കമ്പനിയുടെ തന്ത്രമാണ് 45 മീറ്റർ എന്ന വാശിക്ക് പിന്നിൽ മറഞ്ഞിരിക്കുന്നത്. അത്തരം ആർഭാടങ്ങൾ കാണിക്കുന്നതിനുള്ള ഭൂമി കേരളത്തിൽ ഇല്ല എന്നതാണ് വസ്തുത. 30 മീറ്റർ ദേശീയപാത വികസിപ്പിക്കാൻ തയ്യാറായാൽ ഇത്രയും ആളുകളെ കുടിയൊഴിപ്പിക്കാതെ തന്നെ നമുക്ക് സ്ഥലം ലഭ്യമാണ്. ഈ വസ്തുത തുറന്നുകാണിക്കുന്നതിനാണ് ഞങ്ങൾ ശ്രമിക്കുന്നത്. കൊട്ടിഘോഷിക്കുന്ന എല്ലാ വികസന പദ്ധതികൾക്കും പിന്നിൽ ഇത്തരത്തിലുള്ള അഴിമതിയും അശാസ്ത്രീയതയുമുണ്ട്. അതിനെയാണ് ഞങ്ങൾ തുറന്നുകാണിക്കുന്നത്. അത് വികസന വിരുദ്ധതയല്ല.

**പ്രചരണം എങ്ങനെയായിരുന്നു?**

ഏഴ് നിയോജക മണ്ഡലങ്ങളാണ് പൊന്നാനിയിലുള്ളത്. എല്ലായിടത്തും പോകാൻ കഴിഞ്ഞു. നല്ല സ്വീകാര്യതയാണ് ജനങ്ങളുടെ ഭാഗത്ത് നിന്നും കിട്ടിയത്. ബി.ഒ.ടി പാതയുടെ പൊള്ളത്തരങ്ങൾ തുറന്നുകാണിക്കുന്നതിനൊപ്പം പൊന്നാനി മണ്ഡലത്തിന്റെ വികസന പ്രശ്നങ്ങളും കാമ്പയിനിൽ ഉൾപ്പെടുത്തിയിരുന്നു. ദേശീയപാത വിഷയവും സമരങ്ങളും ജനങ്ങൾക്കെല്ലാം പരിചതമായിരുന്നതുകൊണ്ട് പ്രചരണം എളുപ്പമായിരുന്നു. വോട്ട് എത്രകിട്ടി എന്നതിനേക്കാൾ ജനങ്ങൾ നൽകിയ ആ സ്വീകാര്യതയും സ്നേഹവുമാണ് ഞങ്ങൾ കൂടുതൽ വിലമതിക്കുന്നത്. ദേശീയപാത ആക്ഷൻകൗൺസിലിൽ പല പാർട്ടിയിൽ വിശ്വസിക്കുന്നവരും പ്രവർത്തിക്കുന്നവരും ഉള്ളതിനാൽ എല്ലാവരുടെയും വോട്ടുകൾ സമാഹരിക്കാൻ കഴിയണമെന്നില്ല. അതുകൊണ്ട് എനിക്കുകിട്ടുന്ന വോട്ട് മാത്രം വച്ച് അത് സമരത്തിന്റെ സ്വീകാര്യതയായോ എതിർപ്പായോ വിലയിരുത്താൻ കഴിയില്ല. പ്രചരണം പരമാവധി നടത്തുക എന്ന ലക്ഷ്യത്തിൽ പൂർണ്ണമായും വിജയിക്കാൻ കഴിഞ്ഞു. ■